പൂർണ്ണമായും നടപ്പിലാക്കാൻ പറ്റാത്ത ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ വിവരം അനുബന്ധം ഒന്നായി ചേർക്കുന്നു.*

(ബി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

(സി)

വർഷം	റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ച തുക
2011-12	...
2012-13	1100.00 ലക്ഷം
2013-14	...
2014-15	...
2015-16	...
ആകെ	1100.00 ലക്ഷം

പദ്ധതി വിഹിതം

132 (104) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തേക്കുള്ള പദ്ധതി വിഹിതം എത്ര കോടിയുടേതാണ്;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും കണക്കാക്കപ്പെട്ട പദ്ധതി വിഹിതം എത്രയായിരുന്നു;

(സി) ഓരോ വർഷവും കണക്കാക്കപ്പെട്ട പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പിൻവലിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്;

(ഡി) മേൽപറഞ്ഞ വർഷങ്ങളിൽ പദ്ധതി തുക ഇനത്തിൽ പിൻവലിച്ച തുകയിൽ ഇപ്പോഴും ചെലവഴിക്കാതെ ട്രഷറിയിൽ വിവിധ അക്കൗണ്ടുകളിലായി കിടക്കുന്ന തുക മൊത്തം എത്ര കോടിയാണ്;

(ഇ) കേന്ദ്രസഹായം, സംസ്ഥാന നികുതി വരുമാനം തുടങ്ങി ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം അധിക വരുമാനം പ്രതീക്ഷിച്ചുകൊണ്ടാണ് 2016-17 ലെ പദ്ധതി തുക വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാന നികുതി വരുമാനത്തിലെ യുടർച്ചയായുള്ള കുറവിന്റെ പശ്ചാത്തലത്തിൽ കൂടിയ നിലയിൽ വരുമാനം പ്രതീക്ഷിച്ചതും അപ്രകാരം പദ്ധതിക്ക് രൂപം നല്കിയതും എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാന വാർഷിക പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് പ്രതീക്ഷിച്ച വരുമാനവും യഥാർത്ഥത്തിൽ ലഭിച്ച വരുമാനവും എത്ര കോടി വീതമായിരുന്നു; ഓരോ വർഷവും പിന്നിട്ട വർഷത്തിന്റെ എത്ര ശതമാനം വർദ്ധനയുണ്ടായി; 2016-17 ൽ ഈ വർദ്ധന എത്ര ശതമാനം കൂടുതലായി പ്രതീക്ഷിക്കുന്നു?

<u>ഉത്തരം</u>

(എ) 24000 കോടി രൂപ.

(ബി)

വർഷം	അടങ്കൽ തുക(കോടിയിൽ)
2011-12	12010
2012-13	14010
2013-14	17000
2014-15	20000
2015-16	20000

(സി) ചെലവ് കണക്കുകളുടെ വിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.* പിൻവലിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ&എഫ്) സംസ്ഥാനത്തിന്റെ എല്ലാവിധ വരുമാനവും വായ്പാപരിധിയും കണക്കിലെടുത്തുകൊണ്ടും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന് രൂപം നൽകുന്നത്.

(ജി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാന വാർഷിക പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് പ്രതീക്ഷിച്ച തുകയും ലഭിച്ച തുകയും ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

പദ്ധതി ധനസഹായം

	2011-12	2012-13	2013-14	2014-15	2015-16
സംസ്ഥാനം പ്രതീക്ഷിച്ച തുക	1855.80	2217.59	2457.55	2730.42	53.65
സംസ്ഥാനത്തിന് ലഭിച്ച തുക	1380.17	1269.79	1154.23	2050.34	-
വർദ്ധനനിരക്ക് ശതമാനം	48	-8%	-9%	78%	-

സഞ്ചിതനിധിയിൽനിന്നും പിൻവലിച്ച തുകകൾ

133 (105) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും, സാമ്പത്തിക വർഷത്തിന്റെ അവസാന മാസം സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച തുക എത്ര കോടി വീതമായിരുന്നു;

(ബി) പ്രസ്തുത തുക അതാത് വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത പദ്ധതി തുകയുടെ എത്ര ശതമാനം വീതമായിരുന്നു;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാന ആഴ്ചയിലെ പ്രവൃത്തി ദിവസങ്ങളിൽ പിൻവലിച്ച തുകകൾ, ട്രഷറി സേവിംങ്ങ് ബാങ്ക് അക്കൗണ്ടുകളിലോ,മറ്റ് ബാങ്ക് അക്കൗണ്ടുകളിലോ നിലനിർത്തുകയായിരുന്നുവോ;എങ്കിൽ, ഓരോ വർഷവും അത് എത്ര കോടി വീതമായിരുന്നു?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവസാന മാസം സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച തുക ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly